"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം. ഡബ്ല്യൂ.എം.1/40/2022/LSGD
തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 20-02-2024

## സർക്കുലർ

വിഷയം:- ത.സ്വ.ഭ.വ. - പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിലും (എം.സി.എഫ്., ആർ.ആർ.എഫ്.), ഡംപ് സൈറ്റുകളിലും തീപിടുത്ത സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനു സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും പ്രസ്തുത കേന്ദ്രങ്ങളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ സജ്ജീകരണങ്ങളും - സംബന്ധിച്ച്.

സൂചന:- (1) സ.ഉ.(സാധാ)നം.113/2021/LSGD തീയതി 16.01.2021.

(2) 11.10.2021-ലെ 4/ഡി.സി.1/2021/തസ്വഭവ നമ്പർ സർക്കുലർ.

(3) 02.02.2022-ലെ ഡബ്ല്യൂ.എം.1/40/2022/തസ്വഭവ നമ്പർ സർക്കുലർ

(4) സ.ഉ.(സാധാ)നം.617/2023/LSGD തീയതി 15.03.2023.

**********************

പാഴ്വസ്തു സംഭരണ കേന്ദ്രങ്ങളിൽ (എം.സി.എഫ്., ആർ.ആർ.എഫ്.) തീപിടുത്തസാഹചര്യങ്ങൾ ഒഴിവാക്കുന്നതിനു സ്വീകരിക്കേണ്ട സുരക്ഷാമുൻകരുതലുകളും പ്രസ്തുത കേന്ദ്രങ്ങളിൽ ഏർപ്പെടുത്തേണ്ട സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് കൊണ്ട് സൂചന (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (2)-ലെ സർക്കുലർ പ്രകാരം ടി സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിലെ വ്യവസ്ഥകൾ കർശനമായും നടപ്പിലാക്കിയിട്ടുണ്ട് എന്ന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കുന്നതിനും, തീപിടുത്തം ഒഴിവാക്കുന്നതിനുള്ള അടിയന്തരമായ നടപടികൾ സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

പാഴ്വസ്തു സംഭരണ കേന്ദ്രങ്ങളിലെ ഇലക്ട്രിക്കൽ സുരക്ഷാ നിർദ്ദേശങ്ങളും , ഫയർ ആന്റ് റെസ്ക്യൂ സുരക്ഷാ നിർദ്ദേശങ്ങളും തീ പിടുത്തം ഒഴിവാക്കുന്നതിനുള്ള മുൻ കരുതലുകളും സംബന്ധിച്ചും സൂചന (3) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന (4)-ലെ ഉത്തരവ് പ്രകാരം പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിൽ തീ പിടുത്ത സാഹചര്യം ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളും സുരക്ഷാ സജ്ജീകരണങ്ങളും സംബന്ധിച്ച് അധിക നിർദ്ദേശങ്ങൾ നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

നിലവിൽ അന്തരീക്ഷ താപനില ഉയരുന്ന സാഹചര്യത്തിൽ പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിലും ഡംപ് സൈറ്റുകളിലും അഗ്നിബാധയുണ്ടാകുന്നത് തടയുന്നതിന് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരവരുടെ ഉത്തരവാദിത്വത്തിൽ തങ്ങളുടെ

നിയന്ത്രണത്തിലുള്ള പാഴ് വസ്തു സംഭരണ കേന്ദ്രങ്ങളിലും ഡംപ് സൈറ്റുകളിലും അഗ്നിബാധ ഒഴിവാക്കുന്നതിനായി സൂചന (1) മുതൽ (4) വരെയുള്ള ഉത്തരവുകളിലും സർക്കുലറുകളിലും ഉള്ള നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അഗ്നിബാധ ഉണ്ടാകാനുള്ള സാഹചര്യം ഒഴിവാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണെന്ന് കർശന നിർദ്ദേശം നൽകുന്നു.

കെ മുഹമ്മദ് വൈ സഫിറുള്ള
സ്പെഷ്യൽ സെക്രട്ടറി

കോഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി -2.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്.
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്.
ഡയറക്ടർ ജനറൽ, കേരള ഫയർ & റെസ്ക്യൂ സർവീസസ്.
ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്.
പ്രൊജക്ട് ഡയറക്ടർ, കെ.എസ്.ഡബ്ല്യു.എം.പി.
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും
(തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഡയറക്ടർ, ഐ&പി.ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
M.k.pradeesh Kumar
Date: 20-02-2024 17:33:23
സെക്ഷൻ ഓഫീസർ

പകർപ്പ് :-
തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്.